**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മണ്ണെണ്ണ ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്നത് കാരണം മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതത്തിലായിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; സബ്സിഡി ഇനത്തിൽ കുടിശികയായ എത്ര തുക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ സംസ്ഥാനത്തു മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളി കൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി) നൽകി വരുന്നുണ്ട്.<br><br>10 HP വരെ - 140 ലിറ്റർ<br><br>10 HP മുതൽ 15 HP വരെ - 150 ലിറ്റർ<br><br>15 HP ക്ക് മുകളിൽ - 190 ലിറ്റർ<br><br>2022-23 സാമ്പത്തിക വർഷം മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു 45 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 2022 ഒക്ടോബർ മാസം വരെയുള്ള സബ്സിഡി വിഹിതമായ 15.39 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. നിലവിൽ കുടിശ്ശിക ബില്ലുകൾ ഇല്ല. |
| (സി) | മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | ഉണ്ട് . കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെ ണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിനു |

| | | | |
|---|---|---|---|
| | | | കഴിയുന്നില്ല എന്നത് വാസ്തവമാണ്.<br>മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തി വരുകയാണ്.<br><br>2022 ഏപ്രിൽ മുതൽ നാളിതുവരെ 2160KL മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ ഫലമായി ഡിസംബർ ആദ്യം 5000KL സബ്സിഡി രഹിത മണ്ണെണ്ണ കൂടി ലഭ്യമായിട്ടുണ്ട്.<br><br>മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മത്സ്യത്തൊഴി ലാളികൾ മണ്ണെണ്ണ ഔട്ട് ബോർഡ് മോട്ടർ (OBM)കൾക്ക് പകരം പെട്രോൾ അഥവാ ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് (LPG) ഉപയോഗിക്കുന്ന ഒ.ബി.എം കളിലേക്ക് മാറാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പരീക്ഷണാടി സ്ഥാനത്തിൽ 50% സബ്സിഡിയിൽ 10 മണ്ണെണ്ണ OBMകൾ ഉപയോഗിക്കുന്ന യാനങ്ങൾ LPGയിലേക്ക് പരിവർത്തനം ചെയ്യുന്നതും 40% സബ്സിഡിയിൽ 115 മണ്ണെണ്ണ OBM കൾക്ക് പകരം പെട്രോൾ OBM നൽകുന്നതും 90% സബ്സിഡിയിൽ 325 മണ്ണെണ്ണ OBMകൾ പെട്രോൾ കാർബോറേറ്റർ ഉപയോഗിച്ച് കൊണ്ട് പെട്രോൾ OBM കളായി പരിവർത്തനം ചെയ്യുന്നതും സംബന്ധിച്ച കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | മണ്ണെണ്ണയുടെ ദൗർലഭ്യം നിമിത്തം മത്സ്യബന്ധനത്തിന് കടലിൽ വള്ളമിറക്കാൻ കഴിയാത്ത അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവപൂർവം കാണുന്നുണ്ടോ? | (ഡി) | ഉണ്ട് . കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് ആവശ്യമായ അളവിൽ സബ്സിഡി മണ്ണെ ണ്ണയും സബ്സിഡി രഹിത മണ്ണെണ്ണയും അനുവദിക്കപ്പെടാത്തതിനാൽ മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിനു കഴിയുന്നില്ല എന്നത് വാസ്തവമാണ്.<br>മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗംപോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ PDS) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തി വരുകയാണ്.<br><br>2022 ഏപ്രിൽ മുതൽ നാളിതുവരെ 2160KL മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിയതിന്റെ ഫലമായി |

| | | | |
|---|---|---|---|
| | | | ഡിസംബർ ആദ്യം 5000KL സബ്സിഡി രഹിത മണ്ണെണ്ണ കൂടി ലഭ്യമായിട്ടുണ്ട്.<br><br>മണ്ണെണ്ണയുടെ ലഭ്യതക്കുറവും ഉയർന്ന വിലയും സാധാരണക്കാരായ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയാത്തതിനാൽ മത്സ്യത്തൊഴി ലാളികൾ മണ്ണെണ്ണ ഔട്ട് ബോർഡ് മോട്ടർ (OBM)കൾക്ക് പകരം പെട്രോൾ അഥവാ ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് (LPG) ഉപയോഗിക്കുന്ന ഒ.ബി.എം കളിലേക്ക് മാറാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പരീക്ഷണാടി സ്ഥാനത്തിൽ 50% സബ്സിഡിയിൽ 10 മണ്ണെണ്ണ OBMകൾ ഉപയോഗിക്കുന്ന യാനങ്ങൾ LPGയിലേക്ക് പരിവർത്തനം ചെയ്യുന്നതും 40% സബ്സിഡിയിൽ 115 മണ്ണെണ്ണ OBM കൾക്ക് പകരം പെട്രോൾ OBM നൽകുന്നതും 90% സബ്സിഡിയിൽ 325 മണ്ണെണ്ണ OBMകൾ പെട്രോൾ കാർബോറേറ്റർ ഉപയോഗിച്ച് കൊണ്ട് പെട്രോൾ OBM കളായി പരിവർത്തനം ചെയ്യുന്നതും സംബന്ധിച്ച കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ